CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വൈദികപരിശീലനം
# ചില ആനുകാലികപ്രശ്നങ്ങൾ

Christian Musicological Society of India

www.TheCMSIndia.org

ഷാജി ജോർജ് ഇലഞ്ഞിമററം

മാർത്തോമ്മായോഗം പ്രസിദ്ധീകരണം No. 3

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വൈദികപരിശീലനം

## ചില ആനുകാലിക പ്രശ്നങ്ങൾ

ഷാജി ജോർജ് ഇലഞ്ഞിമറ്റം

മാർത്തോമ്മായോഗം പ്രസിദ്ധീകരണം No .3

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പ്രസിദ്ധീകരണം

തോമസ് ജോസഫ് കുരിശുങ്കൽപറമ്പിൽ
സെക്രട്ടറി, മാർത്തോമ്മായോഗം കേന്ദ്രകമ്മിറ്റി.
മൂന്നിലവ് പി.ഒ., 686 586
കോട്ടയം ജില്ല.

Published on 26-9-'96

## മാർത്തോമ്മായോഗം പ്രസിദ്ധീകരണങ്ങൾ

1. പള്ളിയോഗം - പ്രത്യേകനിയമങ്ങൾ ഒരു പഠനം
2. സീറോമലബാർ സഭയിലെ സഹൃദയരോട്
3. വൈദികപരിശീലനം, ചില ആനുകാലിക പ്രശ്നങ്ങൾ. ഒന്നാംഭാഗം - ആലുവാസെമിനാരി

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

# വൈദികപരിശീലനം
# ചില ആനുകാലിക പ്രശ്നങ്ങൾ

## ഒന്നാംഭാഗം - ആലുവാസെമിനാരി

### അവതാരിക

**ഹാ** കഷ്ടം ! എന്നല്ലാതെ എന്തുപറയാൻ? സീറോ മലബാർ സഭയിലെ സമീപകാല സംഭവങ്ങളെ വിലയിരുത്തുമ്പോൾ കഷ്ടമായിപ്പോയി! എന്നു പറയുന്ന ധാരാളം വൈദികരേയും അല്മായരേയും കാണാം. 1985 മുതൽ വളരെ സജീവമായി നിലനില്ക്കുന്ന ആരാധനക്രമപ്രശ്നങ്ങൾ, ഇന്നും തീരാത്ത മംഗലപ്പുഴ സെമിനാരി വിഭജനപ്രശ്നം, ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ജോസഫ് പവ്വത്തിലിൻെറ നേതൃത്വത്തെക്കുറിച്ചുണ്ടായ അകാരണമായ ഭയം ഉളവാക്കിയ മാനസികപ്രശ്നങ്ങൾ എന്നിവ സഭയിൽ എന്തെല്ലാം സമരമുറകൾക്കാണ് വഴിതെളിക്കുന്നത്. സെമിനാരിയുടെ കവാടത്തിങ്കൽ പ്രതിഷേധയോഗം, ബസ്ലിക്കായിൽ പ്രകടനാത്മകമായ ഉപവാസപ്രാർത്ഥന, വൈദികരുടെ പ്രതിഷേധപ്രകടനം, അല്മായരുടെ പ്രതിഷേധ റാലി, നാട്ടുകാരുടെ മുമ്പിൽ സഭയെ അപഹാസ്യവിഷയമാക്കുന്ന വാൾ പോസ്റ്റർ സമരം എന്നിവ വളരെ പ്രകടമായ കാര്യങ്ങളാണല്ലോ. അല്മായരുടെയും, വൈദികരുടെയും എഴുത്തുകളും ലഘുലേഖകളും എണ്ണിത്തിട്ടപ്പെടുത്തുവാനാവില്ല. പത്രമാസികകളുടെ സംഭാവനകളും നിസാരമല്ലതന്നെ.

കഴിഞ്ഞ രണ്ടുവർഷമായി, നിതാന്തമായ ജാഗ്രതയോടെ സഭാകാര്യങ്ങൾ പഠിക്കുന്ന മാർത്തോമ്മായോഗാംഗങ്ങൾ സംഘാതമായി രണ്ടുപ്രാവശ്യം മാത്രമേ പ്രതികരിച്ചുള്ളു. പള്ളിയോഗത്തിൻെറ പ്രത്യേകനിയമങ്ങൾ പൊളിച്ചെഴുതണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു ഒന്നാമത്തെ പ്രതികരണം. സംസ്കാരശൂന്യമായ ഭാഷയുപയോഗിച്ച് മേലധ്യക്ഷന്മാരെ തേജോവധം

ചെയ്യുന്ന 'വചനധാര'യുടെ ശൈലി തിരുത്തുവാൻ ആഹ്വാനപ്പെടുന്നതായിരുന്നു രണ്ടാമത്തെ പ്രതികരണം. ഇപ്പോൾ വീണ്ടും പ്രതികരിക്കാൻ സമയമായി എന്നു ഞങ്ങൾ കരുതുകയാണ്. പ്രത്യക്ഷസമരമുറകൾ സ്വീകരിച്ചുകൊണ്ട് സഭയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ശ്രമിക്കുന്ന ഞങ്ങളുടെ ആചാര്യന്മാരാണ് ഈ പ്രതികരണത്തിനു ഞങ്ങളെ നിർബ്ബന്ധിക്കുന്നത്. എന്തെല്ലാം ന്യായീകരണങ്ങൾ പറഞ്ഞാലും വൈദികരുടെ കുത്തഴിഞ്ഞ സമരജീവിതശൈലി സഭയുടെ നന്മയ്ക്ക് ഉതകുകയില്ലെന്ന് ഞങ്ങൾ തറപ്പിച്ചു പറയുന്നു.

പൂർവ്വികരിലൂടെ കൈമാറി കിട്ടിയ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും വരുംതലമുറയ്ക്കു കൈമാറാനും ഇന്നത്തെ തലമുറയെ ശക്തമാക്കുവാൻ ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ നിയോഗമേറ്റ വൈദികർ, ചക്കളത്തി പോരാട്ടങ്ങളും ഉപജാപങ്ങളും പരസ്യപ്രകടനങ്ങളും നടത്തി, വിശ്വാസദീപത്തിൻെറ പ്രഭ കെടുത്തുന്നതാണ് നാമിന്ന് കാണുക. വിദൂരസ്ഥപൂർവ്വികർ വിശ്വാസസംരക്ഷണത്തിനുവേണ്ടി അനുഭവിച്ച ജീവത്യാഗത്തിൻെറ കഥകളും, സമീപസ്ഥപൂർവ്വികർ സഭയ്ക്കുവേണ്ടിയും സഭയുടെ അന്തസിനും പാരമ്പര്യങ്ങളുടെ സൂക്ഷിപ്പിനുവേണ്ടിയും അനുഭവിച്ച കഷ്ടപ്പാടുകളുടേയും ആത്മപീഡനത്തിൻേറയും കഥകളും പഠിച്ച് ശക്തി ധരിക്കുന്ന നമുക്ക് ഇന്നത്തെ നേതൃത്വം കാട്ടികൂട്ടുന്ന ഇടർച്ചയ്ക്കു കാരണമാകുന്ന സമരമുറകൾക്കെതിരേ പ്രതികരിക്കാതിരിക്കാൻ സാധിക്കില്ല. പൂർവ്വപിതാക്കന്മാർ ജീവൻ നല്കി സംരക്ഷിച്ച സഭാസൗധത്തിൻെറ അകത്തളങ്ങളിൽ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടവർ, അഹന്തയുടേയും അജ്ഞതയുടേയും ഗോപുരങ്ങളിൽനിന്നും ഇറങ്ങി വിവേകത്തിൻേറയും വിനയത്തിൻേറയും പാതകളിൽ സഭയെ നയിക്കാൻ ഭാഗ്യമുണ്ടാകട്ടെ എന്ന് ആശിച്ചുകൊണ്ടും ആയതിന് യോഗ്യമായ വൈദികപരിശീലനം നല്കുവാൻ നമ്മുടെ സെമിനാരികൾക്ക് കഴിയട്ടെ എന്നു ആശംസിച്ചുകൊണ്ടും ഈ പഠനം ദൈവജനത്തിന് സമർപ്പിക്കുന്നു.

ഷാജി പള്ളിവാതുക്കൽ
പ്രസിഡൻറ്, മാർത്തോമ്മായോഗം
ഈട്ടിത്തോപ്പ് പി.ഒ. ഉപ്പുകണ്ടം - 686 510.
ഇടുക്കി.

ഈട്ടിത്തോപ്പ്,
26-9-1996



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 1. ആമുഖം

ശ്ലീഹന്മാരിൽനിന്നും സഭാപിതാക്കന്മാർവഴി സഭയ്ക്കു ലഭിച്ച വിശുദ്ധ പാരമ്പര്യം ഈ തലമുറയ്ക്കു കൈമാറുന്നത് ശുശ്രൂഷാ പൗരോഹിത്യത്തിലൂടെയാണല്ലോ. കാരണം, ഇന്നത്തെ സഭയിൽ "പ്രസംഗംമൂലമോ ലേഖനംമൂലമോ നിങ്ങളെ ഞങ്ങൾ പഠിപ്പിച്ച പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുകയും അവയിൽ ഉറച്ചുനില്ക്കുകയും ചെയ്യുവിൻ" (2 തെസ.2:15) എന്ന് ദൈവജനത്തെ ഉപദേശിക്കുന്നത് വൈദികർതന്നെ. അവരാണ് സഭാപാരമ്പര്യത്തിൽ വേണ്ടത്ര പാണ്ഡിത്യം നേടുന്നവർ. സഭാപാരമ്പര്യത്തിൽ പരിശീലനംനേടി അതിനനുസൃതമായി ജീവിക്കേണ്ടവരാണവർ. പരിശീലനത്തിൻെറ ഗുണമേന്മ വൈദികരുടെ ജീവിതത്തിൽ നിന്നാണല്ലോ അനുഭവിക്കുവാൻ കഴിയുക.

ഈ പഠനം നടത്തുവാൻ ആലുവാ സെമിനാരിയിലെ ബ. റെക്ടർ റവ. ഡോ. ജോർജ് ഓലിയപ്പുറവും വൈസ് റെക്ടർ റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിലും മാർത്തോമ്മായോഗങ്ങൾക്ക് അനുവദിച്ച അഭിമുഖം ഉപകാരപ്രദമായി. വന്ദ്യരായ ഈ വൈദികർക്ക് നന്ദി അർപ്പിച്ചുകൊണ്ട് സഭാതനയർക്ക് ഇത് സമർപ്പിക്കട്ടെ.

## 2. വൈദികപരിശീലനം പതിനാറാം നൂറ്റാണ്ടുവരെ

പതിനാറാം നൂറ്റാണ്ടുവരെ മാർത്തോമ്മാനസ്രാണി സഭയിൽ (സീറോമലബാർ സഭയിൽ) വൈദികരെ സഭാപാരമ്പര്യത്തിൽ വാർത്തെടുക്കുവാൻ ശിക്ഷണം നല്കിയിരുന്നത് മല്പാന്മാരാണ്. സഭാപാരമ്പര്യത്തിൽ ആഴമേറിയ പാണ്ഡിത്യവും വിശുദ്ധിയും നേടിയവരാണ് മല്പാന്മാർ. ഗുരുകുലവിദ്യാഭ്യാസംപോലെ മല്പാനോടൊത്ത് ജീവിച്ച് വൈദികവിദ്യാർത്ഥികൾ പരിശീലനം നേടിക്കൊണ്ടിരുന്നു. വിശ്വാസപരിശീലനം നേടുന്നതോടൊപ്പം പ്രായോഗികജീവിതത്തിൻെറ വേദനയും സന്തോഷവുമൊക്കെ മനസ്സിലാക്കുവാൻ ഈ പരിശീലനത്തിലൂടെ വൈദികവിദ്യാർത്ഥികൾക്ക് കഴിഞ്ഞിരുന്നു. ആരാധനക്രമത്തിലും വേദഭാഷയായ സുറിയാനിയിലും വേണ്ടത്ര ജ്ഞാനം മല്പാന്മാർ വൈദികവിദ്യാർത്ഥികൾക്ക് നല്കി.



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സഭകളുടെ ദൈവശാസ്ത്രത്തിനും സഭ സഭകളുടെ കൂട്ടായ്മയാണെന്ന അടിസ്ഥാന സഭാവിജ്ഞാനീയതത്ത്വത്തിനും അർഹമായ പ്രസക്തി കല്പിക്കുമ്പോൾ എത്രമാത്രം ഇംമ്പമുള്ളതാണ് ഈ 'ഐക്യ'സ്വരം എന്നു വിലയിരുത്തുവാൻ നിർബന്ധിതരാകും.

വൈവിധ്യത്തിലെ ഏകത്വമാണ് സഭകളുടെ ഐക്യം; ഈ വൈവിധ്യം പ്രത്യക്ഷമാകുന്നത് വിവിധ സഭകളിലാണ്. വിവിധ സഭകളിലുള്ളവർ തങ്ങളുടെ തനതായ വ്യക്തിത്വത്തെ അറിഞ്ഞ്, വൈവിധ്യത്തെ അറിഞ്ഞ്, പരിശുദ്ധ റൂഹായിൽ ഐക്യത്തിലേയ്ക്കു വരണം. വൈവിധ്യത്തിലെ ഐക്യം കരഗതമാകണമെങ്കിൽ വൈവിധ്യത്തെ ആഴമായി അറിയുകയും അംഗീകരിക്കുകയും വിശ്വാസത്തോടെ അതിനെ സമീപിക്കുകയും ചെയ്യണം. ത്രിത്വൈക രഹസ്യംപോലെ സഭയിലെ വൈവിധ്യവും ഐക്യവും പൂർണ്ണമായി മനസ്സിലാക്കാനും ആവില്ല. സഭകൾ തമ്മിൽ ശരിയായ വിധത്തിൽ പരസ്പരം അറിയുകയും ബഹുമാനിക്കുകയും ചെയ്യണം. ഇതിന് സഭാംഗങ്ങൾ ഒരു കൂട്ടമായി വസിച്ചതുകൊണ്ടായില്ല. മറിച്ച്, ഓരോരുത്തരും സ്വന്തം സഭയെ ഗാഢമായി അറിഞ്ഞ് സ്നേഹിക്കുകയും മറ്റുസഭകളെ ആദരവോടെ അംഗീകരിക്കുകയും ചെയ്യുമ്പോൾ സഭകളുടെ ഐക്യം അന്വർത്ഥമാകും.

സഭാപരമായ അറിവ് നേടാതെ വിവിധ സഭകളിലുള്ളവർ ഒരുമിച്ച് ജീവിച്ച് ഉപരിപ്ലവമായ ഒരു ബന്ധം സ്ഥാപിച്ചേക്കാം. ഇത് സഭകൾ തമ്മിലുള്ള ഐക്യത്തേക്കാളുപരി ഐക്യരൂപ്യത്തിലേക്ക് വഴിതെളിക്കും; ഒപ്പം വ്യക്തിസഭകളുടെ നാശത്തിലേക്കും. ഇങ്ങനെ വിലയിരുത്തുമ്പോൾ ഉപരിപ്ലവത നിറഞ്ഞ ഒരു ഐക്യമാണ് ആലുവാസെമിനാരിയിലുള്ളതെന്നു പറയാതിരിക്കാനാവില്ല. കാരണം, വ്യക്തിസഭയ്ക്കു യോജ്യമായ പരിശീലനം, സഭകൾ തമ്മിൽ ശരിയായ ഐക്യം ഉളവാക്കുന്ന പരിശീലനം നിലവിൽ അവിടെ ലഭിക്കുന്നില്ല. സ്വന്തം സഭയുടെ വ്യക്തിത്വത്തെ ശരിയായി അറിയാതെയുള്ള പരിശീലനം ഒരുതരം നിസംഗമനോഭാവമുള്ള വൈദികരെ രൂപപ്പെടുത്തുകയും ചെയ്യുന്നു.



Christian Musicological Society of India

www.TheCMSIndia.org

## 10. ഉപസംഹാരം

"എല്ലാ സഭകൾക്കും തുല്യപദവിയാണുള്ളത്. റീത്തിന്റെ ന്യായത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാ സഭകൾക്കും ഒരേ അവകാശങ്ങളും, ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളത്" (പൗരസ്ത്യസഭകൾ, 3). സ്വന്തം സഭയെ അറിയുകയും സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവനേ മറ്റു സഭകളെ തുല്യ പദവിയോടെ കാണാൻ സാധിക്കയുള്ളൂ. ഒരു സഭ മറ്റൊരു സഭയുടെമേൽ അധികാരം ചെലുത്തുമ്പോൾ ഉണ്ടാകുന്ന ദുരന്തം മാർത്തോമ്മാനസ്രാണിസഭയിൽ പതിനാറാം നൂറ്റാണ്ടുമുതൽ ഇന്നുവരെ നമ്മൾ സഹിച്ചുകൊണ്ടിരിക്കുകയാണല്ലോ. തുല്യപദവിയുള്ള മൂന്നു സഭകൾ ഒന്നിച്ചു കഴിയുന്ന കേരളത്തിൽ ഓരോ സഭയും ഇതരസഭകളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും മാനിക്കുകതന്നെ വേണം. സ്വന്തം സഭയുടെ ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ശിക്ഷണക്രമം എന്നിവയ്ക്കനുസൃതമായി തങ്ങളുടെ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ മുകളിൽ പറഞ്ഞ മൂന്നു സഭകൾക്കും അവകാശവും കടമയുമുണ്ട്. മാർത്തോമ്മാനസ്രാണിസഭ (സീറോ മലബാർ)യ്ക്ക് വടവാതൂരും, മലങ്കര കത്തോലിക്കാ സഭയ്ക്ക് തിരുവനന്തപുരത്തും സ്വന്തമായ വൈദികപരിശീലനവേദികളുള്ളപ്പോൾ കേരളത്തിലെ ലത്തീൻ സഭയ്ക്ക് തനതായ ഒരു വൈദികപരിശീലനകേന്ദ്രം ഉണ്ടാകണമെന്ന താല്പര്യം തികച്ചും ന്യായയുക്തമാണ്. ലത്തീൻ സഭയ്ക്ക് തങ്ങളുടേതായ ഒരു വൈദികപരിശീലനകേന്ദ്രം വേണമെന്ന് പത്തുവർഷംമുമ്പുമുതലേ പറയുന്നതായി ആലുവായിലെ ബ. റെക്ടറച്ചൻ പറഞ്ഞത് ഓർക്കുന്നു. മറ്റു സഭകൾ അവരവരുടെ തനിമ കണ്ടെത്തുവാനും വളർത്തുവാനും ശ്രമിക്കുമ്പോൾ ലത്തീൻ സഭാനേതൃത്വവും ഈ തലത്തിൽ ചിന്തിക്കുന്നു എന്നത്രേ റെക്ടറച്ചൻ അഭിപ്രായപ്പെട്ടത്. സെമിനാരി വിഭജനകാര്യം ലത്തീൻകാരിൽനിന്നു വന്നതാണെന്നും അവരുടെ ഭൂരിപക്ഷം മെത്രാന്മാരും സെമിനാരി വിഭജനത്തെ അനുകൂലിക്കുന്നതായി മനസ്സിലാക്കുന്നുവെന്നും ബ. റെക്ടർ കൂട്ടിച്ചേർത്തു. ഭൂരിപക്ഷമായിക്കൊള്ളട്ടെ ന്യൂനപക്ഷമാകട്ടെ സഭകളുടെ പൈതൃകസംരക്ഷണത്തിന് ഉതകുന്ന ചിന്താധാരകളും നടപടികളും സ്വാഗ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

താർഹംതന്നെ. ലത്തീൻസഭയ്ക്ക് അവരുടേതായ വൈദിക
ശീലനവേദി വേണമെന്നും, കാർമ്മൽഗിരി സെമിനാരികൊ
തങ്ങൾ തൃപ്തിപ്പെട്ടുകൊള്ളാമെന്നും സമ്മതിക്കുമ്പോൾപോലും
അത് ആപൽക്കരമായ വിഭജനവാദമാണെന്നും പറഞ്ഞു എതിർ
ക്കുന്നത് ആ സഭയുടെ അടിസ്ഥാന അവകാശങ്ങളെ ചോദ്യം
ചെയ്യുന്നരീതിയാണ്. സെമിനാരി വിഭജനമെന്ന ചിന്താഗതിയ്ക്കു
പകരം, വ്യക്തിസഭകൾക്കു തനതായ വൈദികപരിശീലനത്തിന്,
നിലവിലുള്ള സൗകര്യങ്ങളെ ധാരണയോടെ ഉപകാരപ്പെടുത്താ
നുള്ള പുനഃസംവിധാനങ്ങൾ ചെയ്യുന്നു എന്ന മനോഭാവം ഉണ്ടാ
യിരുന്നങ്കിൽ എത്ര ഭംഗിയായി. ഒരു സ്ഥാപനത്തോടുള്ള വൈ
കാരിക അടുപ്പത്തിനുപരിയായി സഭാത്മകമായ പരിശീലന
പദ്ധതികളെക്കുറിച്ചുള്ള പ്രബോധനങ്ങൾക്കു പിറകിൽ സാർവ
ത്രികസഭയ്ക്കുള്ള സദ്ഉദ്ദേശ്യത്തെ അറിയാനും അംഗീകരി
ക്കാനും ഓരോ സഭാംഗത്തേയും സാദരം ആഹ്വാനം ചെയ്യുന്നു.

**ഷാജി ജോർജ്, ഇലഞ്ഞിമറ്റം**
സെക്രട്ടറി, മാർത്തോമ്മയോഗം
കാഞ്ഞിരപ്പള്ളി രൂപതാ കമ്മിറ്റി.

ചിറക്കടവ്
25-6-96.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS